ആയത് തിരിച്ചു കിട്ടുന്നതിന് 30-4-2003-ലെ കത്ത് മുഖേന സർക്കാർ ജില്ലാ കളക്ടർക്ക് എഴുതിയിരിക്കുകയാണ്. അസ്സൽ അപേക്ഷ തിരികെ ലഭിച്ചാലുടൻ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇ. 23644/01 നമ്പർ ഫയൽ ജലവിഭവ (എ) വകുപ്പിന്റേതല്ല.

(സി) ശ്രീ. ഡിജേഷിന്റെ അപേക്ഷ പരിശോധിച്ച് ആശ്രിത നിയമനത്തിന് അർഹനാണെന്ന് കണ്ടാൽ, ഒഴിവിന്റെ ലഭ്യത അനുസരിച്ച് തൃശ്ശൂർ ജില്ലയിലെ നിയമനം പരിഗണിക്കാവുന്നതേയുള്ളൂ.

മൃഗശാലയിലെ മൃഗങ്ങൾക്ക് ഇണകളെ കണ്ടെത്താൻ നടപടി

75 [3218] ശ്രീ. കെ. മോഹൻകുമാർ:
„ കെ. ബാബു:
„ തമ്പാനൂർ രവി:
„ ടി. എച്ച്. മുസ്തഫ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ എത്രയിനം മൃഗങ്ങളെ പാർപ്പിച്ചിട്ടുണ്ട്;

(ബി) ഇവയിൽ ഇണകളില്ലാത്ത മൃഗങ്ങൾ ഏതെല്ലാം;

(സി) ഇവയ്ക്ക് ഇണകളെ കണ്ടെത്തി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) മൃഗശാലകളിൽ പാർപ്പിക്കുന്ന മൃഗങ്ങൾക്ക് അവയുടെ വർഗ്ഗങ്ങളിൽപ്പെട്ട ഇണകളുണ്ടായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 34 ഇനം മൃഗങ്ങൾ

(ബി) 1. കാണ്ടാമൃഗം
2. സീബ്ര
3. പാതിരിക്കുരങ്ങ്
4. കാട്ടാട്
5. കുറുനരി
6. പുള്ളിപ്പുലി
7. ആന
8. കഴുതപ്പുലി
9. ആഫ്രിക്കൻ കാട്ടുപോത്ത് എന്നീ മൃഗങ്ങൾക്ക് ഇണകളില്ല.

(സി) കേന്ദ്ര സർക്കാരിന്റെ "മോഡേൺ സൂ പോളിസി" അനുശാസിക്കുന്ന പ്രകാരമുള്ള തുറന്ന ആവാസ കേന്ദ്രങ്ങളുടെ പണി പൂർത്തിയാകാത്തതുകൊണ്ടാണ്.

(ഡി) ഇണയില്ലാത്ത മൃഗങ്ങളെ മൃഗശാലയിൽ ഒരു കൊല്ലത്തിനപ്പുറം പാർപ്പിക്കാൻ പാടില്ല എന്ന വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly